**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**( ഹാജർ പി.ബി നൂഹ്, ഐ.എ.എസ് )**

തിരുവനന്തപുരം

**ഉത്തരവ് നം ഇ9/1512/18** തീയതി 22/02/2018

വിഷയം :- സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിലെയും ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെ ജീവനക്കാരുടെ ഓപ്ഷൻ അംഗീകരിച്ച് അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ്- പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-1) ജി.ഒ.(പി) നം 54/2010/സാ.ക്ഷേ.വ തീയതി 10/08/2010
2) ജി.ഒ.(പി) നം 78/2010/സാ.ക്ഷേ.വ തീയതി 27/12/2012
3) സാമൂഹ്യനീതി ഡയറക്ടറുടെ 31/5/17 ലെ ഇ7/20316/17 നമ്പർ കത്ത്
4) സർക്കാർ കത്ത് നം എ2/285/2017/സാനീവ തീയതി 30/11/2017
5) സാമൂഹ്യനീതി ഡയറക്ടറുടെ 03/2/18 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ
6) കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ 6/2/18 ലെ ആർ.എ.ഡി/കെ/41/2018 നമ്പർ കത്ത്
7) കൊല്ലം ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 5/2/18 ലെ സി.എച്ച്.കെ/ 237/2018 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ പരാമർശം (1), (2) വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പി.എസ്.സി വഴി നേരിട്ടും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെ ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേനയും, ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയുമാണ് നിയമനം നൽകുന്നത്. ടി തസ്തികയിൽ ഉദ്യോഗക്കയറ്റം/ബൈട്രാൻസ്ഫർ നിയമനം ലഭിയ്ക്കുവാൻ അർഹരായ ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം ഓപ്ഷൻ ക്ഷണിച്ചതിനെ തുടർന്ന് ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിലെ 6 ജീവനക്കാരും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ / ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെ 4 ജീവനക്കാരും ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്.

ടി ജീവനക്കാരെ നിലവിൽ ഒഴിവുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവിൽ പരിഗണിയ്ക്കുന്നതിന് ഹെഡ് അക്കൗണ്ടന്റുമാരുടെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെയും സംയുക്ത സീനിയോറിട്ടി ലിസ്റ്റ് ലഭ്യക്കുവാൻ പരാമർശം (4) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിയ്ക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച ഹെഡ് അക്കൗണ്ടന്റുമാരുടെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെയും ഓപ്ഷൻ അംഗീകരിച്ച് ടി ജീവനക്കാരുടെ സംയുക്ത സീനിയോറിട്ടി ലിസ്റ്റിന്റെ കരട് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിയ്ക്കുകയും ടി ലിസ്റ്റിൻമേൽ ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ ഉത്തരവ് തീയതി മുതൽ 7 ദിവസ ത്തിനുള്ളിൽ ഈ കാര്യാലയത്തിൽ രേഖാമൂലം സമർപ്പിയ്ക്കുവാൻ നിർദ്ദേശിയ്ക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6),(7) പ്രകാരം ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്.

കരട് സീനിയോറിട്ടി ലിസ്റ്റിലെ ക്രമ നമ്പർ 3 ശ്രീ.ഷിജു.പി.കെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പു തല പരീക്ഷകൾ പാസ്സായിട്ടില്ലെന്ന് പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഷിജു.പി.കെ വകുപ്പു തല പരീക്ഷകൾ പാസ്സായിട്ടില്ലാത്തതിനാൽ ടിയാനെ കരട് സീനിയോറിട്ടി ലിസ്റ്റിലെ ക്രമ നമ്പർ 3 ആയി ഉൾപ്പെടുത്തിയത് പുന പരിശോധിയ്ക്കണമെന്ന് കരട് സീനിയോറിട്ടി ലിസ്റ്റിലെ ക്രമ നമ്പർ 4 ശ്രീ.ഷാജഹാൻ.എസ് പരാമർശം (7) പ്രകാരം ആക്ഷേപം സമർപ്പിച്ചിട്ടുണ്ട്.

ശ്രീ.ഷിജു.പി.കെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പു തല പരീക്ഷകൾ പാസ്സായിട്ടില്ലെങ്കിലും സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹനാണ്. ആയതിനാൽ ശ്രീ. ഷാജഹാൻ.എസ് സമർപ്പിച്ച ആക്ഷേപത്തിൽ കഴമ്പില്ലാത്തതിനാൽ നിരസിയ്ക്കുന്നു.

ഈ സാഹചര്യത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിയ്ക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച ഹെഡ് അക്കൗണ്ടന്റുമാരുടെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെയും ഓപ്ഷൻ അംഗീകരിച്ചും പരാമർശം (5) പ്രകാരമുള്ള കരട് സീനിയോറിട്ടി ലിസ്റ്റിൽ ഭേദഗതി വരുത്തേണ്ടതില്ലാത്തതിനാൽ ടി ജീവനക്കാരുടെ അന്തിമ സംയുക്ത സീനിയോറിട്ടി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1) ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
2) സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ ( വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3) ഇ1 സീറ്റ്
4) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**സാമൂഹ്യ നീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിലെയും ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ സൂപ്രണ്ട് ഗ്രേഡ് 3 തസ്തികയിലെയും ജീവനക്കാരുടെയും അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ്.**

**(സാമൂഹ്യനീതി ഡയറക്ടറുടെ 22/02/2018 ലെ ഇ.9/1512/18 നമ്പർ നടപടിക്രമങ്ങൾ)**

| ക്രമ നം | പേര് | തസ്തിക | ജനനതീയതി | വിദ്യാഭ്യാസ യോഗ്യത | | സ്ഥാനക്കയറ്റ ഉത്തരവ് നം & തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | | ജനറൽ | സ്പെഷ്യൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ശ്രീ.ടി.ഡി.ജോർജ്ജ് കുട്ടി | CWI | 08-05-1967 | MA, MSW | - | E7/20341/12 dt. 29-6-2012 | 50 വയസ്സ് പൂർത്തിയായി. |
| 2 | ശ്രീ. ജി.സന്തോഷ് | CWI | 25-04-1973 | BSc | A/c (L)-01/2012 | E7/20341/12 dt. 29-6-2012 | |
| 3 | ശ്രീ.പി.കെ.ഷിജു | CWI | 20-05-1978 | SSLC, Leather Works | - | E7/16/2015 dt. 05-02-2015 | അക്കൗണ്ട് ടെസ്റ്റ് പാസ്സാകാത്തതിനാൽ CWI തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. |
| 4 | ശ്രീ.എസ്.ഷാജഹാൻ | CWI | 18-4-1967 | BSc Botany, Post Graduate Diploma in Industrial Relations & Personnel Management | A/c (L)-01/2014 | E7/35323/15/ dt. 06-11-2015 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ശ്രീമതി.റ്റി.കെ. ഉഷ | Head Accountant | 03/05/1964 | MSc, HDC | A/C Test (L) 12/2001 | E7/11977/16 dt. 14-03-2016 | |
| 6 | ശ്രീ. ജി.മനോജ് | Head Accountant | 25-04-1968 | B Com | A/C Test (L) 06/2002 | E7/11977/16 dt. 14-03-2016 | |
| 7 | ശ്രീ. സി.എസ്.സുരേഷ് കുമാർ | Head Accountant | 30-05-1968 | PDC, DCA | A/C Test (L) 12/2003 | E7/11977/16 dt. 04-10-2016 | |
| 8 | ശ്രീമതി. തനൂജ.പി.ബേബി | Head Accountant | 24-04-1967 | BSc, HDC | A/C Test (L) 01/2006 | E7/11977/16 dt. 04-10-2016 | |
| 9 | ശ്രീ.സി.ബി.മുരളീധരൻ | Head Accountant | 01/06/1964 | BA,<br>Type - Eng(H) | A/C Test (L&H) 5/2005 | E7/11977/16 dt. 04-10-2016 | |
| 10 | ശ്രീ.എം.വിജയൻ | Head Accountant | 30-05-1966 | BSc | A/c Test (H)12/1994 | E7/11977/16 dt. 16-01-2017 | |

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി